**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.294      04.06.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആർദ്രം പദ്ധതിയിലൂടെ ജില്ല /താലൂക്ക് തല ആശുപത്രികളുടെ വിപുലീകരണം

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വ്യത്യസ്ത മാനദണ്ഡങ്ങളോടെ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ജില്ല /താലൂക്ക് തല ആശുപത്രികളെ നിശ്ചിത മാനദണ്ഡത്തിൽ ഏകീകരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുന:ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രിയും ഒരു റവന്യൂ താലൂക്കിൽ ഒരു താലൂക്ക് തല ആശുപത്രിയും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കാനായി തെരെഞ്ഞെടുത്തിട്ടുണ്ട്. 24.04.2017 ലെ സ.ഉ.(കൈ)നം.58/17/ആ.കു.വ. ഉത്തരവ് അനുസരിച്ച് വിവിധ ജില്ല/താലൂക്ക് എന്നീ ആശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി ഈ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ ഇന്ത്യൻ ഹെൽത്ത് സ്റ്റാൻഡേർഡിന് അനുസൃതമായി സംസ്ഥാനത്തെ താലൂക്ക്/ ജില്ല ആശുപത്രികളിൽ ലഭ്യമാക്കേണ്ട ഉപകരണങ്ങളും ഭൗതിക സൗകര്യങ്ങളും മരുന്നുകളും ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇന്ത്യൻ ഹെൽത്ത് സ്റ്റാൻഡേർഡ്സ് കൂടി പരിഗണിച്ചുകൊണ്ട് കേരളത്തിന് അനുയോജ്യമായ രീതിയിലുള്ള ആശുപത്രി വികസനവും അതിന് ഇണങ്ങുന്ന ഭൗതിക സാഹചര്യങ്ങളും ഉപകരണങ്ങളുമാണ് ആർദ്രം മിഷൻ വഴി ലഭ്യമാക്കി വരുന്നത്. |
| (സി) | ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പ്രകാരം രോഗീസൗഹൃദ ആശുപത്രികളായി പ്രസ്തുത ആശുപത്രികളെ മാറ്റിയെടുക്കുന്നതിൽ എത്രമാത്രം വിജയിച്ചുവെന്ന് വിശദമാക്കുമോ; | (സി) | പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തു കൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിചരണ പരിവർത്തനമാണ് നവ കേരളം കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആർദ്രം പദ്ധതിയിലൂടെ |

| | | |
|---|---|---|
| | | ലക്ഷ്യമിടുന്നത്. 2017-18 ലെയ്ക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 139 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 22 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സൗകര്യങ്ങളുടെ കുറവ് മൂലം 9 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് താമസം നേരിടുന്നുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പിന്റെ 23 കോടി രൂപയുടെ പ്ലാൻ ഫണ്ട് അനുവദിക്കുകയുണ്ടായി. NHM വഴിയാണ് പ്രവർത്തനങ്ങൾ നടത്തി വരുന്നത് എഫ്.എച്ച്.സി.കളിലേയ്ക്ക് വേണ്ട ആശുപത്രി ഉപകരണങ്ങളും ലാബ് ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കിയിട്ടുണ്ട്.<br><br>ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയ 17 ജില്ലാതല ആശുപത്രികളുടെ ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കാൻ (ഒ.പി.ട്രാൻസ്ഫർമേഷൻ) ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ 15 കോടി വകയിരുത്തിയിരിക്കുന്നു. ഒ.പി.വിഭാഗത്തിലെ ഇ.ഹെൽത്ത് പ്രവർത്തികളടക്കം 24.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ ലഭ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ NHM വഴി നടന്നു വരുന്നു. 2017-18 ലെ ആരോഗ്യ വകുപ്പിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 14 താലൂക്ക്തല ആശുപത്രികളുടെ ഒ.പി.വിഭാഗം രോഗീസൗഹൃദമാക്കുന്നതിന് 24 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ഒ.പി.വിഭാഗം രോഗി സൗഹൃദമാക്കുന്നതിന് 2017-18-ൽ 17.5 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. 14 താലൂക്ക്തല |

| | | | |
|---|---|---|---|
| | | | ആശുപത്രികൾക്ക് കൂടി വിശദമായ പ്രോജക്ട് പ്രപ്പോസലുകൾ NHM മുഖേന തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്, കൂടാതെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കിഫ്ബി (മാസ്റ്റർ പ്ലാൻ, നബാർഡ്,പ്ലാൻ ഫണ്ട് തുടങ്ങിയവ വഴി നടപ്പിലാക്കി വരുന്നു. ഈ ആശുപത്രികളിലേക്ക് ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ പ്ലാൻ ഫണ്ട് വഴി ലഭ്യമാക്കി വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കുള്ള ഡോക്ടർ ഉൾപ്പടെ ജീവനക്കാരുടെ മറ്റു തസ്തികയും, മറ്റ് ആശുപത്രികളിലേയ്ക്ക് 891 തസ്തികയും ഉൾപ്പടെ 1721 തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. ഈ പ്രവർത്തനങ്ങൾ വഴി വിവിധ വിഭാഗ ആരോഗ്യ സ്ഥാപനങ്ങൾ വഴിയുള്ള ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ആർദ്രം പദ്ധതി ആവിഷ്കരിച്ച ശേഷം ഇത്തരം ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണത്തിലും കിടത്തിച്ചികിത്സ തേടുന്നവരുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ടോ ? | (ഡി) | ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയ സ്ഥാപനങ്ങളിൽ ചികിൽസയ്ക്ക് എത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ